**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4709** **13-03-2023 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളെ തുരത്താൻ ആനിഡേഴ്‌സ് മെഷീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തുരത്താൻ വനം വകുപ്പ് പുതുതായി സ്ഥാപിക്കുന്ന ആനിഡേഴ്‌സ് (ആനിമൽ ഇൻട്രൂഷൻ ഡിറ്റക്ഷൻ ആന്റ് റിപ്പലന്റ് സിസ്റ്റം) മെഷിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | ANIDERS PIR (ആനിമൽ ഇൻട്രൂഷൻ ഡിറ്റക്ഷന് ആന്റ് റിപ്പലന്റ് സിസ്റ്റം) സംവിധാനം ഇൻഫ്രാറെഡ് രശ്മികളുടെ സഹായത്താൽ പ്രവർത്തിക്കുന്ന ഉപകരണമാണ്. മൂന്ന് വശങ്ങളിലേക്കും 15 മീറ്റർ ചുറ്റളവിൽ മൃഗങ്ങളുടെ ചലനം ഉണ്ടായാൽ ഉടൻ മൂന്ന് വ്യത്യസ്ത അലാറം മുഴങ്ങുകയും വെളിച്ചം പുറപ്പെടുവിക്കുകയും ചെയ്യും. ആംബുലൻസിന്റേതിന് സമാനമായ ശബ്ദം തുടർച്ചയായി മിനിറ്റുകളോളം നീണ്ടുനിൽക്കും. ഈ ശബ്ദം കേട്ടാൽ അര കിലോമീറ്റർ ചുറ്റുപാടിലുള്ള താമസക്കാർക്ക് ആനയുടെ സാന്നിദ്ധ്യം അറിയുവാൻ കഴിയും. ടി ഉപകരണം പൂർണമായും സോളാർ ഊർജ്ജം ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ടി ഉപകരണത്തിന്റെ ഉയരം വന്യമൃഗത്തിന്റെ ഉയരം അനുസരിച്ച് ക്രമീകരിക്കാവുന്നതും ആവശ്യാനുസരണം മാറ്റി സ്ഥാപിക്കാവുന്നതുമാണ്. |
| (ബി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഈ ഉപകരണം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കൂടുതൽ സ്ഥലങ്ങളിൽ മെഷീൻ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ